## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 456 | 30.06.2014-ൽ മറുപടിക്ക്

## മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ. ഗുരുദാസൻ<br>ശ്രീ.സാജു പോൾ<br>ശ്രീ. ബി. സത്യൻ<br>ശ്രീ.കെ.ദാസൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എപ്പോഴാണ്; | (എ) | ഉണ്ട്. മത്സ്യഫെഡിന്റെയും മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച് വിലയിരുത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ശ്രീ.എം.എം.മോനായി, എം.എൽ.എ. ചെയർമാനായി 25.03.2010 ലെ സ.ഉ.(സാധ) 242/10/മതുവ പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 01.03.2011 ലെ സ.ഉ.(സാധാ) നം. 226/11/മതുവ പ്രകാരം പ്രസ്തുത കമ്മിറ്റി ശുപാർശകൾ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് ഡയറക്ടറുടെ 15.09.11 ലെ എഫ്3/9479/2011 നം. ഉത്തരവ് പ്രകാരം മത്സ്യഫെഡിന്റെ പ്രവർത്തനവും സാമ്പത്തിക സ്ഥിതിയും ഘടനയും സംബന്ധിച്ച് 17.12.2006 മുതൽ 06.09.2011 വരെയുള്ള കാലയളവിലെ മത്സ്യഫെഡിന്റെ പ്രധാന പ്രവർത്തനങ്ങളെ സംബന്ധിച്ച് കേരള സഹകരണ സംഘം നിയമത്തിലെ 65-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തുന്നതിന് തിരുവനന്തപുരം (ദക്ഷിണ മേഖല) ഫിഷറീസ് ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും ടി അന്വേഷണ റിപ്പോർട്ട് ഫിഷറീസ് ഡയറക്ടർ തലത്തിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നു. ഫിഷറീസ് വകുപ്പ് തലത്തിൽ മത്സ്യഫെഡിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള ഉദ്യോഗസ്ഥ സംവിധാനം നിലവിലില്ല. |
| (ബി) | മത്സ്യഫെഡിന്റെ പ്രവർത്തനത്തിലുണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാമോ ; | (ബി) | മത്സ്യഫെഡിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും പ്രതിസന്ധി ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മത്സ്യഫെഡിൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ ? | (സി) | മത്സ്യഫെഡിൽ നിലവിൽ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 33 പ്രകാരം മൂന്ന് പേരടങ്ങിയ അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റിയാണ് ഭരണം നടത്തുന്നത്. ടി കമ്മിറ്റിയ്ക്ക് 16.12.2014 വരെ ഭരണകാലാവധിയുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ കാലാവധി അവസാനിക്കുന്നതിന് 60 ദിവസം മുമ്പ് പുതിയ കമ്മിറ്റിയെ തെരഞ്ഞെടുക്കുന്നതിനുള്ള തീയതി, സമയം, സ്ഥലം എന്നിവ നിശ്ചയിച്ച് 1969 ലെ കേരള സഹകരണ സംഘം ചട്ടത്തിലെ 35-ാം ചട്ടം (1)-ാം ഉപ ചട്ടം പ്രകാരം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുണ്ട്. മേൽ പറഞ്ഞ പ്രകാരം ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ജനാധിപത്യപരമായി ഭരണസമിതി തെരഞ്ഞെടുപ്പിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Jayasree

സെക്ഷൻ ഓഫീസർ